


# 2018-2019

# താളുകളിലൂടെ ......

ആശംസകൾ....8
പ്രളയത്തിര....10
ഇന്റർനെറ്റ്....11
ഓർമ്മകൾ....13
സ്നേഹത്തിന്റെ തലോടൽ....16
ചുഴി....19
പ്രളയത്തിൽ നിന്ന് വീണ്ടെടുപ്പ്....20
പ്രളയം....23
ഓർമച്ചെപ്പിലെ താളുകളായ്....24
ഒരു കാൽപന്തുകളിക്കാരൻ....25
സത്യത്തിൽ നിന്ന് വിജയത്തിലേക്ക്....26
പൂമ്പാറ്റ....27
മോഷ്ടാവായ വൈദ്യൻ....28
HONEY BEE....30
LITTLE THINGS....31
തിളങ്ങട്ടെ നീ എന്നിലൂടെ....32
പ്രതീക്ഷ കൈവിടാതെ....33
അമ്മയില്ലാതെ എന്ത് സന്തോഷം....34
സത്യസന്ധതയുള്ള അടിമ....35
മഹേന്ദർ സിങ് ധോണി....37
നന്ദി....38



# GHSS VATANAPPALLY


WELCOME


ഒ.ആർ.സി
സ്മാർട്ട് 40 ത്രിദിന ക്യാമ്പ്
ജി.എച്ച്.എസ്.എസ്


സംസ്ഥാന കലോത്സവം -
ഹൈസ്കൂൾ വിഭാഗം കാർട്ടൂൺ
മത്സരം.A ഗ്രേഡ് നേടിയ
ജ്യോത്സ്ന (ക്ലാസ് ഒമ്പത്) GHSs
വാടാനപ്പള്ളി
4:49 PM





# പാഠ്യനിലവാരം ഉയർത്തൽ: കോർണർ പിടിഎയ്ക്ക് തുടക്കമായി

വാടാനപ്പള്ളി ● ഗവ. ഹൈസ്കൂളിൽ കോർണർ പിടിഎക്കു തുടക്കമായി. പഞ്ചായത്തംഗം കെ.ബി. ശ്രീജിത്ത് ഉദ്ഘാടനം ചെയ്തു.

പഠന പുരോഗതിയും ഉയർന്ന ഗ്രേഡോടെയുള്ള പരീക്ഷാ വിജയവും ലക്ഷ്യമാക്കിയാണു സ്കൂളിൽ പിടിഎ സ്കൂൾ കോണർ പദ്ധതിക്കു തുടക്കമിട്ടത്. വിദ്യാർഥികളുടെ വാസസ്ഥലം അനുസരിച്ചു നാലു ഗ്രൂപ്പുകളായി തിരിച്ചു വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും നൽകുന്ന ബോധവൽക്കരണ പരിപാടിയാണ് കോർണർ പിടിഎ.

പഞ്ചായത്തംഗം കെ.സമ്പാജി അധ്യക്ഷത വഹിച്ചു. പിടിഎ പ്രസിഡന്റ് ഒ.എം.അബ്ദുൽ സലാം, വി.ബി.അഹമ്മദ്, ഷാഹുൽ ഹമീദ്, പി.ജി.വിജുമോൻ എന്നിവർ പ്രസംഗിച്ചു.

കഴിഞ്ഞ രണ്ടു വർഷമായി സ്കൂളിലെ പത്താംതരം പരീക്ഷയുടെ വിജയം നൂറു ശതമാനമായതിനു കാരണം കോർണർ പിടിഎയാണെന്നു പ്രധാന അധ്യാപകൻ പി.എ.അബ്ദുൽ ഖാദർ പറഞ്ഞു.










28
27











## എഡിറ്റോറിയൽ

സാങ്കേതിക പരിജ്ഞാനം വിദ്യാഭ്യാസത്തിന്റെ മുഖമുദ്രയും അവശ്യ ഘടകവുമായിരിക്കുന്ന ഒരു സമൂഹമാണിന്നുള്ളത് . പരമ്പരാഗത രീതികൾക്കൊപ്പം കാലത്തിന്റെ പ്രയാണത്തിൽ ഇണങ്ങിച്ചേരാൻ കമ്പ്യൂട്ടർ പരിജ്ഞാനം ഇന്ന് നമ്മുടെ വിദ്യാഭ്യാസമേഖലയിൽ അത്യന്താപേക്ഷിതമായിരിക്കുന്നു. നമ്മുടെ ചുറ്റുപാടും, മനുഷ്യനന്മയും ഉൾക്കൊള്ളാനും അതിന്റെ അഗാധതലങ്ങളെ സ്പർശിക്കാനും വിജ്ഞാനത്തിൻെറ വെളിച്ചം പരത്തുവാനും സാങ്കേതിക വിദ്യാഭ്യാസം സഹായകമാവട്ടെയെന്ന് പ്രത്യാശിക്കുന്നു.

എഡിററർ

# അണിയറ പ്രവർത്തകർ

ജ്യോത്സ്ന പി ബി

ബാസിമ മുജീബ്

ഫരിയാൽ ടി എസ്

ഹസ്ന എ എച്ച്

അനസ് കെ എൻ

ഹിഷാമുൽ മെഹബൂബ് തങ്ങൾ

നിസാമുൽ ഹുസൈൻ തങ്ങൾ

ഹുസൈൻ കെ എസ്



# പ്രധാന അധ്യാപകനോടൊപ്പം

# കുട്ടിപ്പട്ടങ്ങൾ

# ആശംസകൾ



പൊതുവിദ്യാലയ സംരക്ഷണത്തിന്റെ ഭാഗമായി രൂപീകരിച്ച 'ലിറ്റിൽ കൈറ്റ്സ്'-സ്കൂളുകളിലെ ഹാർഡ് വെയർ പരിപാലനം , രക്ഷാകർതൃ കമ്പ്യൂട്ടർ സാക്ഷരത , ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പരിശീലനം പൊതുജനങ്ങൾക്ക് സ്വതന്ത്ര സോഫ്റ്റ് വെയർ ഇസ്റ്റാൾ ചെയ്ത് നൽകൽ , വിക്കീപീഡിയയിലേക്കുള്ള ഉള്ളടക്കം തയ്യാറാക്കൽ സ്കൂൾ തല വെബ് സൈറ്റുകൾ എന്നിങ്ങനെ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്താനുള്ള ഈ പരിപാടിയിൽ പങ്കാളികളാകാനും നേതൃത്വം നൽകാനും ബന്ധപ്പെട്ട ഇ മാഗസിൻ തയ്യാറാക്കാനും ഉള്ള നമ്മുടെ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ പരിശ്രമത്തിന് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.



അബ്ദുൾ ഖാദർ പി എ (എച്ച്.എം)

# ആശംസകൾ




## ശ്രീ. എ.ബി. മുഹമ്മദാലി

## (പി ടി എ പ്രസിഡന്റ്)



***ഫരിയാൽ ടി എസ്***

# പ്രളയത്തിര



അഴകാർന്നൊരോളങ്ങൾ ചിന്നിപ്പരക്കുമീ
 പുഴയുടെ ആർദ്രമാം ഹൃത്തടത്തിൽ
തണലും തണുപ്പും കൊതിക്കുന്ന
നമ്മളാ തിരകളിൽ തത്തിക്കളിച്ചതെന്നോ...
കുളിരാർന്ന സൗമ്യതയെന്നല്ലി നമ്മളാ
പുളയുന്ന നീരിനെയോമനിച്ചു....
അഴകുള്ള പുഴയുടെ ആഴങ്ങളെപ്പോലും
അഴലോടെയോർമ്മിച്ചിരുന്നില്ല നാം...
പ്രണയത്താൽ ഭീതിയൊഴിഞ്ഞരാ മർത്യരെ
ചടുലത്തിരകൊണ്ടു തല്ലിമാററി ..
പ്രളയത്തിലുയരുന്ന വൻഫണം പോലവേ
ഭയദമാ തിരശ്ശീലയിട്ടുമൂടി...
നീളെ പ്രചണ്ഡമാം താണ്ഡവമാടി,യാ
ചെമ്പിച്ചപൈക്കളെക്കൊണ്ടുതന്നെ വേരോടെ
കുത്തിമറിച്ചു മരങ്ങളും നാടുംനഗരവും പാടങ്ങളും..
സംഹാവൻതിര പൊങ്ങിപ്പരക്കവേ
സംസാരസാഗരം തന്നെയായീ..
നിസ്സ്ഥലംനൃത്തം തുടരുന്നവേളയിൽ
നിശ്ശബ്ദമായ് വനരോദനങ്ങൾ..

*സ്മിത വി ആർ*

# ഇന്റർനെറ്റ്

ഇന്ന് ലോകത്തിൽ ധാരാളമായി ഉപയോഗിച്ചു ക്കൊണ്ടിരിക്കുന്ന ഒരു സ്രോതസ്സാണ് ഇന്റർനെറ്റ്.വാർത്ത വിനിമയത്തിനും ആശയവിനിമയത്തിനും വേണ്ടി ഇന്റർനെറ്റ് ഉപയോഗിക്കുന്നു.ഇന്റർനെറ്റ് ഉപയോഗത്തിലൂടെ നമുക്ക് ഗുണങ്ങളും പലതരം ദോഷങ്ങളും ഉണ്ടാകുന്നു. ഇന്റർനെറ്റ് നമുക്ക് വളരെ സഹായകരമാകുന്നു. ഇത് പഠനാവശ്യത്തിനും മറ്റും ധാരാളമായി ഉപയോഗിക്കുന്നു. ഇന്റർനെറ്റ് വന്നതോടു കൂടി നമുക്ക് എവിടെ നിന്നും വിവരങ്ങൾ ശേഖരിക്കാൻ സാധിക്കും. നമുക്ക് ആവശ്യമായ എന്തും ഇന്റർനെറ്റിൽ നിന്ന് ലഭിക്കും. ഇപ്പോൾ മൊബൈൽ ഫോണിലും ഇന്റർനെറ്റ് ഉള്ളതു കൊണ്ട് കാര്യങ്ങൾ കൂടുതൽ എളുപ്പമായി. നമുക്ക് ശബ്ദം കേട്ട്കൊണ്ട് മാത്രമല്ല കണ്ടുകൊണ്ടും മറ്റുള്ളവരായി ആശയവിനിമയം നടത്താൻ സാധിക്കുന്നു .കേരളത്തിൽ പ്രളയം വന്നപ്പോഴും ഇന്റർനെറ്റ് സംവിധാനങ്ങൾ അധികൃതരിലേക്ക് വിവരങ്ങളെത്തിക്കാനും യഥാസമയം രക്ഷാപ്രവർത്തനം നടത്താനും സഹായിച്ചു. വിദ്യാർത്ഥികളെ പഠനത്തിന്റെ പുതിയ മേഖലകളിൽ എത്തിക്കാൻ ഇന്റർനെറ്റ് വളരെ അധികം സഹായിക്കുന്നു . ഇപ്പോൾ മിക്ക സ്കൂളുകളിലും ഹൈടെക്ക് സ്മാർട്ട് റൂമുകളും ഇന്റർനെറ്റ് സൗകര്യങ്ങളും ഉണ്ട്. കാരണം ഇതിലൂടെ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനു വേണ്ടിയുള്ള എല്ലാ വിവരങ്ങളും ലഭിക്കും. എന്ത് വിവരത്തിനും നമുക്ക് ഇന്റർനെറ്റിനെ ആശ്രയിക്കാവുന്നതാണ്.

നമ്മെ വഴിതെറ്റിക്കാനും ഇവക്ക് കഴിയും . ഇന്റർനെറ്റ് ഉപയോഗിച്ചു കൊണ്ടിരിക്കുമ്പോൾ നമ്മുടെ സമയം പോകുന്നത് നാം അറിയുകയില്ല. ബ്ലൂവെയിൽ, മോമോ തുടങ്ങിയ പല ഗെയിമുകളും നമ്മുടെ മരണത്തിൽ വരെ എത്തിക്കുന്നു. ഇന്റർനെറ്റിന്റെ അമിത ഉപയോഗം പലരുടെയും ജീവിത ചര്യയിൽ ദോഷകരമായ മാറ്റം വരുത്തുന്നു. ചെറുപ്രായത്തിൽ തന്നെ കുട്ടികളെ വഴി തെറ്റിക്കുന്നു.ഓൺലൈൻ വ്യാപാരം വഴി മയക്കുമരുന്നുകളുടെ വിൽപ്പന

നടക്കുന്നു. ഇതിനായി പ്രത്യേക സൈറ്റുകൾ പോലും ഇന്റർനെറ്റിലുണ്ട്. ഇന്റർനെറ്റിന്റെ അമിതമായുള്ള ഉപയോഗം വീട്ടുകാരുമായുള്ള സമ്പർക്കം കുറയ്ക്കുന്നു. ഇതുമൂലം സ്വന്തം കുട്ടികളെ പോലും ശ്രദ്ധിക്കുന്നില്ല. ഒരു വശത്ത് മാതാപിതാക്കളും മറ്റൊരു വശത്ത് അവരുടെ കുട്ടികളും ഇന്റർനെറ്റിന്റെ മായാവലയത്തിൽ അകപ്പെട്ടു കിടക്കുന്ന ഒരു അവസ്ഥയാണ് ഇന്ന് ലോകത്ത് കാണാൻ കഴിയുന്നത്. കൗമാരക്കാരായ പല കുട്ടികളും വഴിതെറ്റിപ്പോകാൻ പ്രധാന കാരണം ഇന്റർനെറ്റിന്റെ ദൂഷ്യവലയത്തിൽ പെടുന്നത് കൊണ്ടാണ് . ഇവയുടെ അമിതമായ ദുരുപയോഗം ഒരുപാട് സാമൂഹിക പ്രശ്നങ്ങൾക്ക് വഴിയൊരുക്കുന്നു. ഒരുനാണയത്തിന്റെ ഇരുവശങ്ങളെന്നപോലെ ഇന്റർനെറ്റെന്ന നൂതന സംവിധാനത്തിനും ഉണ്ട് ഒരുപാട് ഗുണങ്ങളും ദോഷങ്ങളും.നാം എല്ലാവരും ചെയ്യേണ്ടത് നല്ല വശം തിരഞ്ഞെടുക്കുക എന്നതാണ് .അതു കൊണ്ട് നമുക്ക് നല്ലൊരു നാളെയെ സൃഷ്ടിക്കാം. അങ്ങനെ നമ്മുടെ നാടിനും രാജ്യത്തിനും ഈ ലോകത്തിനും തന്നെ നന്മയുടെ നല്ല പ്രകാശം പരത്താം.....




*Fathima Shirin O A*

# ഓർമ്മകൾ



ഓർമ്മകൾ ചുടുകാട്ടിലെരിഞ്ഞു ചാരമായ്

വിതറി നനച്ച പുതുനാമ്പുകൾ

ഓർമ്മപ്പൂക്കളാവാൻ കാത്തിരിപ്പൂ

എന്നിട്ടോർമ്മകൾതൻ ഭൂതവും ഭാവിയും

വർത്തമാനത്തിലിഴചേർന്ന്  നാഡികൾ

ഞെരുക്കി ചിന്തയിലന്ധകാരം നിറച്ച്

അജ്ഞാത വീഥിയിൽ യാത്രയായ്

നിഴലുകൾ ,ചിത്രങ്ങൾ തെളിയുന്ന

മറയുന്ന ബാല്യകൗമാരവേഷങ്ങൾ

നിറമററമിഴികൾ എന്തിനോതിരയുന്ന

അർത്ഥശൂന്യങ്ങളാം വാക്കിനാൽ വിറപൂണ്ടി-

തധരങ്ങൾ ആർദ്രമായ്  കേഴുന്നീ അന്തരംഗം

ഓർമ്മതൻ സൂനങ്ങൾ വിടരട്ടെ

സുഗന്ധം പരത്തട്ടെയെന്നർത്ഥനയേകുന്ന


ഓർമ്മ ചിത്രങ്ങളാകുംവരേയ്ക്കും......

റീന ജോർജ്ജ്



ഹസ്ന എ എച്ച്

# NATURE




ജ്യോത്സ്ന പി ബി

# സ്നേഹത്തിന്റെ തലോടൽ

വീട്ടിൽ ആരുമില്ല .ഞാനും മാതാപിതാക്കൾ ജോലിക്കു നിർത്തിയ ഒരു ജോലിക്കാരിയും മാത്രം. രാവിലെ തിരക്കു പിടിച്ച സമയത്ത് ഒരു നോക്കുപോലും നോക്കാതെ കാറുമെടുത്ത് ചീറിപ്പായുകയാണ് എന്റെ വാപ്പയും ഉമ്മയും. വാഹനത്തിന്റെ ശബ്ദം കേൾക്കുമ്പോൾ ജനാലയുടെ അരികിൽ കണ്ണീരോടെ നില്ക്കുകയാണ് ഞാൻ. എന്റെ കണ്ണീരു കാണാൻ ആരുമില്ല എന്ന തോന്നൽ ബാല്യത്തെ നുള്ളി നോവിക്കുകയാണ്. ഇപ്പോൾ അതാ ആ സ്കൂളുമെന്നെ വേദനിപ്പിക്കാൻ തുടങ്ങി. എന്റെ ക്ലാസ്സിലെ കുട്ടികൾ സ്വന്തം മാതാപിതാക്കളുടെ കൈ കോർത്ത് കളിച്ച് ചിരിച്ച് വരുമ്പോൾ ഞാൻ ഏകനായ് ദുഃഖിതനായി വരികയാണ്. ഓരോ മുത്തങ്ങൾ അവർ തമ്മിൽ കൈ മാറുമ്പോൾ ഞാനും കൊതിക്കുകയാണ് ഒരു മുത്തം കൊടുക്കാൻ. രക്ഷിതാക്കളുടെ യോഗത്തിന് ഉമ്മയോ,വാപ്പയോ വരണമെന്നു പറയുമ്പോൾ എന്റെ ഉള്ള് വിങ്ങുകയാണ് .ഒന്നു പൊട്ടി കരയാൻ. പക്ഷെ എനിക്ക് കഴിയുന്നില്ല. ഇന്നലെ യോഗത്തിന് രക്ഷിതാക്കൾ വരാത്ത കുട്ടികൾ രക്ഷിതാക്കൾ വന്ന് ഹെഡ് മാഷിനെ കണ്ട് കയറിയാൽ മതി എന്നു പറയുമ്പോൾ വെറുമൊരു ഫോൺ കോളിൽ ഒതുക്കുന്നവരാണ് എന്റെ മാതാപിതാക്കൾ. ചിലപ്പോൾ ഒക്കെ ഞാൻ ഒരു അനാഥനാണോ എന്ന് എനിക്ക് തോന്നാറുണ്ട്. ഞാൻ രാവിലെ ഉറക്കമുണരുമ്പോഴേക്കും പോകുന്ന അവർ തിരികെ എത്തുമ്പോഴേക്കും ഞാൻ മയങ്ങി കാണും . എത്ര സുഖങ്ങൾ ഉണ്ടായിട്ട് എന്ത് കാര്യം ഒരു സ്നേഹത്തിന്റ തലോടൽ പോലും കിട്ടാത്ത ഞാൻ ആണ് ഈ ലോകത്തിലെ ഏറ്റവും വലിയ നിർഭാഗ്യവാൻ. ഞാൻ ഇപ്പോഴും പ്രതീക്ഷിക്കുകയാണ് , ഒരു ദിവസം അവർ എന്റെ വേദന തിരിച്ചറിയും .വലിയ ആഡംബരങ്ങൾ ഉണ്ടായിട്ട് എന്ത് കാര്യം സ്വന്തം മകനെ സ്നേഹിക്കാനുള്ള സമയം അവർക്കില്ല. എപ്പോഴും കൂടെ വേണമെന്നില്ല .ഇടയ്ക്ക് എന്റെ അടുത്തേക്ക്

വന്ന് ഒരു സ്നേഹചുംബനം നൽകിയാൽ മതിയായിരുന്നു. പടച്ചോനെ....എനിക്ക് ഒരേയൊരു പ്രാർത്ഥനയെ ഉള്ളൂ എന്റെ മരണം വരെ എന്റെ അടുത്തില്ലെങ്കിലും കണ്ണെത്താ ദൂരത്ത് സന്തോഷത്തോടെ, ആരോഗ്യത്തോടെ ഇവരെ നീ ജീവിപ്പിക്കണെ.....


*സുൾഫിത്ത്*



ഫരിയാൽ ടി എസ്



# ചുഴി



ചൂണ്ടക്കൊളുത്തിൽ നിന്ന്
വേർപ്പെട്ടുപോയ
ഇരയാണ്

ചൂണ്ടക്കാരൻ അന്വേഷിക്കില്ല

ഉടൽ മുറിഞ്ഞതിനാൽ
ജീവിത്തിലേക്ക് തിരിച്ചുവരാനാവില്ല

കെണിയെന്ന് കരുതി
മത്സ്യങ്ങൾ തൊടില്ല

# പ്രളയത്തിൽ നിന്ന് വീണ്ടെടുപ്പ്

നമ്മുടെ നാട്ടിൽ കുറച്ച് മാസങ്ങൾക്ക് മുൻപ് നടന്ന ഒരു വലിയ പ്രശ്നമാണ് പ്രളയം . നമുക്ക് എല്ലാവർക്കും അന്ന് കുറെ ദുരിതങ്ങൾ ഏൽക്കേണ്ടി വന്നു . അന്ന് കുറെ പേരുടെ വീടുകൾ ഒലിച്ചു പോയി . കുറെ പേർ മരണപ്പെട്ടു.വേറെ കുറെ പേർ ദുരിതത്തിൽപ്പെട്ടു.
അവർക്കെല്ലാം നമ്മുടെ സ്കൂളിൽ താമസിക്കാൻ സൗകര്യം നൽകി . അങ്ങനെ വീട് ഒലിച്ചു പേയവർക്ക് സർക്കാറിൻെറ വക ധന സഹായങ്ങൾ നൽകി. നാം നമ്മുടെ കേരളത്തെ വീണ്ടും പഴയ രീതിയിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുകയാണ്. നാം വെള്ളം പാഴാക്കിയപ്പോൾ ദൈവം വെള്ളം കൊണ്ട് പരീക്ഷിച്ചു. നാം മരങ്ങൾ മുറിച്ച് മാറ്റി ഫാക്ടറികൾ നിർമ്മിച്ചാൽ ശുദ്ധവായു ലഭിക്കാൻ നമ്മൾ എവിടെ പോകും. ഫാക്ടറികളിൽ നിന്നുള്ള മാലിന്യങ്ങൾ നമ്മുടെ അന്തരീക്ഷത്തെ മലിനമാക്കും. അന്ന് പ്രളയത്തിൽ ഒലിച്ചു പോയ മരങ്ങൾക്കു പകരം നാം ഇപ്പോൾ മരങ്ങൾ നടണം.നാം മരങ്ങൾ വെട്ടിയാൽ പിന്നെ ആര് ശുദ്ധവായു കൊണ്ട് വന്ന് തരും? അന്ന് ഒലിച്ചു പോയ വീടുകൾക്കു പകരം നാം വീടു പണിയുന്നുണ്ട് പക്ഷേ എന്താണ് മരങ്ങൾ നടാത്തത് ? നമ്മുടെ വീടിനെ പോലെ തന്നെ പ്രധാനപ്പെട്ട ഒരു കാര്യമാണ് മരങ്ങൾ നട്ടു പിടിപ്പിക്കുക എന്നത്.വീട് എക്കാലത്തും നിലനിന്നെന്നും വരില്ല ,പക്ഷേ മരങ്ങൾ അടുത്ത തലമുറക്കും ഉപകാരപ്പെടും.പ്രളയം വന്നതോടെ ഭക്ഷ്യ വസ്തുക്കൾ കിട്ടാതായി.എന്നാൽ നമ്മൾ ഇപ്പേൾ അത്അത് പാഴാക്കുന്നു .അന്ന് നമ്മൾ കുറെ പ്രയാസങ്ങൾ അനുഭവിച്ചു ആ പ്രയാസങ്ങൾനാം ഇപ്പേൾ മറന്നു.നമ്മുടെ സ്വാർത്ഥ താൽപര്യങ്ങളാണ് നമ്മെ ഈ നിലയിൽ കൊണ്ടെത്തിച്ചത്



*ഉമ്മു ഹബീബ*



തൃശ്ശൂർ പൂരം

ജ്യോത്സ്ന പി ബി

# കുട്ടിപട്ടങ്ങൾ



ജ്യോത്സ്ന പി ബി

# പ്രളയം



ഭൂമിതൻ മാറു ചുരന്നൂററിയ
ചുടുനീർ വററിവരണ്ടപ്പോൾ
ചാലുകൾ കീറിയ ഹൃത്തടം
കുളിർ ജലത്തിനായ് കൊതിച്ചില്ലേ

അമൂല്യമെന്നോതി , ശാസ്ത്രം
ജലദിനം കൊണ്ടാടിയില്ലേ

എന്നിട്ടുമെന്തേ, പേമാരി
താണ്ഡവമാടിത്തിമിർത്തിട്ട്

പ്രളയജലം തീർത്തനാൾ
ആർത്തലച്ചുപോയ് ആധിയോടെ
ചുററിലുംനീർമൂടികിടന്നിട്ടും
ദാഹജലത്തിനായ് കേണില്ലേ
അമ്പലംപള്ളികൾകുടിലുകൾ
മണിമന്ദിരങ്ങൾതകർത്തില്ലേ
അതിർവരമ്പില്ലാതെതീരങ്ങൾകാർന്നെടുത്തില്ലേ
നീട്ടിയകൈകൾക്കുകൂട്ടായ്
കടൽമക്കൾഓടിയണഞ്ഞപ്പോൾ
പ്രാണൻവെടിഞ്ഞവർകരളുരുകുംകാഴ്ചയായ്
പ്രളയമീനൂററാണ്ടിൻ മഹാദുരന്തമെന്നോർത്തുപോയെങ്കിലും
ഞാനെന്ന ഭാവം വെടിഞ്ഞിട്ട്
അഹങ്കാരമന്യമായ് തീർന്നിട്ട്
ജാതിഭേദങ്ങളില്ലാതെ മാനവനൊന്നായ് തീരുകിൽ

***പ്രളയമൊരു ദുരന്തമോ ? മർത്ത്യന്നു പാഠമോ ?***

*റീന ജോർജ്ജ്*

# ഓർമച്ചെപ്പിലെ
# താളുകളായ്

ഓർമച്ചെപ്പുതുറന്നൊന്നു ഞാൻ
നോക്കെത്താ ദൂരത്തേക്കെത്തി നോക്കി
തിരികെ വരാത്താബാല്യകാലം
ഒരുനോക്കു കണ്ടാസ്വദിക്കാൻ

ഒരുപാട് കൊതിയുണ്ട് ഒരു നോക്ക്കാണാൻ
മനമാകെ വിങ്ങുന്നു മനസാകെ തിങ്ങുന്നു
ഓർമകളിലെ ആ നല്ലകാലം
എന്നിലേക്കൊന്നു നീവന്നടുക്കാൻ

ഓർമകളിലെ ആ വസന്തകാലം
എവിടയോ മറയാതെ നിൽപ്പുള്ള പോലെ,
ഓർമച്ചെപ്പിൽപരതിയവയെ
ഒരു നോക്കു കണ്ടാസ്വദിക്കാൻ

പറയാതെയെന്തേനീ പിരിഞ്ഞുപോയി
നിൻ വേർപാടെന്നിൽ മുറിവായ്
പിന്നെ വ്രണമായി നീറിടുന്നു

SWALIHA A A

# ഒരു കാൽപന്തുക്കളിക്കാരൻ

തൃശ്ശൂർ വാടാനപ്പള്ളിയിൽ ജിവിക്കുന്ന ഒരു കുട്ടിയാണ് റിശാദ്. അവന് കാൽപന്ത് കളിയോട് നല്ല ഇഷ്ടമാണ്. അവന്റെ കുട്ടുകാർക്ക് ഇഷ്ടമുണ്ടായിരുന്നില്ല. അതുകൊണ്ട് അവൻ വേറോരു ടീമിൽ ചേർന്നു. അവന് അവർക്കൊപ്പം നന്നായി കളിക്കാൻ കഴിഞ്ഞില്ല. അതു കണ്ട് അവിടയുള്ള ഒരു ചേട്ടൻ അവനെ കളിയാക്കി. അന്നു രാത്രി കിടക്കുന്നതിനു മുൻപ് അവന്റെ ഉപ്പ കോയ അവനോട് ചോദിച്ചു നീ എന്താണ് വിഷമിച്ചിരിക്കുന്നത്. അവൻ പറഞ്ഞു ഇന്ന് എന്നെ എല്ലാവരും കളിയാക്കി. അതു കേട്ട് ഉപ്പ പറഞ്ഞു നിനക്കു നന്നായി കളിക്കാൻ കഴിയും. നീ നിനക്കു പറ്റുമെന്ന് വിചാരിച്ചു കളിക്ക് നിനക്കു പറ്റും. ഉറങ്ങുമ്പോൾ അവൻ മനസ്സിൽ ഉറപ്പിച്ചു ഞാൻ ഒരു ഇന്ത്യൻ കളിക്കാരനായി എല്ലാവർക്കും കാണിച്ചുകൊടുക്കും.പിന്നെയുള്ള ദിവസം അവൻ കളി ആസ്വദിക്കാൻ തുടങ്ങി . പിന്നെ അവൻ കളികാണാൻ തുടങ്ങി അവൻ ഒരാളുടെ കളി നന്നായി നിരീക്ഷിക്കാൻ തുടങ്ങി എന്നിട്ട് അവൻ ഉപ്പയോട് ചോദിച്ചു ഇയോളുടെ പേര് എന്താണ് ഉപ്പ പറഞ്ഞു ഇവന്റെ പേര് ക്രസ്ത്യാനൊ റോണാൾഡോ .പണ്ട് ഇവൻ സ്കൂളിൽ പഠിക്കുന്ന കാലത്ത് ഇവന്റെ അമ്മയോട് ഇവന്റെ ടീച്ചർ പറഞ്ഞു ഇവൻ തീരെ പഠിക്കുന്നില്ല അതുക്കാരണം അവനെ അവിടെ നിന്ന് പുറത്താക്കി. കുറച്ചു കാലങ്ങൾക്കു ശേഷം ആ സ്കൂൾ വിലക്കു വാങ്ങി. ഉപ്പയുടെ വാക്കുകൾ റിശാദിൻെറ മനസ്സിലെ ആഗ്രഹം ഒന്നുകൂടിഉറപ്പിച്ചു.പിറ്റെ ദിവസം അവന്റെ കൂട്ടുകാരൻ ഹുസൈൻ ചോദിച്ചു നിനക്ക് കാൽപന്തുകളിയിൽ ആരെയാണ് ഇഷ്ടം. അവൻ പറഞ്ഞു എനിക്ക് റൊണാൾഡൊയെയാണ് ഇഷ്ടം അതുകേട്ട ഹുസൈൻ പറഞ്ഞു അവനെ തന്നെയാണ് എനിക്കും ഇഷ്ടം.ചിലരൊക്കെയുണ്ട് മെസ്സി മെസ്സി എന്നു പറഞ്ഞു നടക്കും അതു പറഞ്ഞു രണ്ടു പേരും ചിരിച്ച് അവിടെയിരുന്നു. കുറച്ചു കഴിഞ്ഞ് കളി തുടങ്ങി. കളിയിൽ ഹുസൈനും റിശാദും നല്ല പാസുകളിൽ നൽകി .റിശാദ് ഗോളടിച്ചു അതുകണ്ട് എല്ലാവരും നോക്കി നിന്നുപോയി അതോടുകൂടി റിശാദും ഹുസൈനും നല്ല കൂട്ടുകാരായി . റിശാദ് ആ നാട്ടിലെ നല്ല കളിക്കാരനായി. പിന്നെ അവന്റെ ഉപ്പ ഒരു ക്യാമ്പിൽ ചേർത്തു .ക്യാമ്പ്മാസ്റ്റർ അമീർ ആയിരുന്നു.ആദ്യ ദിവസം ക്യാമ്പിൽ നല്ല കളി കാഴ്ചവെക്കാൻ കഴിഞ്ഞില്ല .പക്ഷെ പിന്നീട് അവൻ നല്ല കളിക്കാരനായി മാറി .അങ്ങനെ ഇന്ത്യ അറിയപ്പെടുന്ന കളിക്കാരനായി ഇങ്ങനെ കാൽപന്തു കളിക്കാർ ഇപ്പോഴും നാമ്മുടെ നാട്ടിൽ ഉണ്ട് അവരെ ഉയർത്തുക

-മുഹമ്മദ് ഹുസൈൻ.കെ.എസ്സ്.

# സത്യത്തിൽ നിന്ന് വിജയത്തിലേക്ക്

ഒരു ഗ്രാമത്തിൽ പാവപ്പെട്ട ഒരു കൊച്ചു കുടുംബം താമസിച്ചിരുന്നു. വാപ്പ ആറ് വർഷം മുമ്പേ മരണപ്പെട്ടു പോയി. ഉമ്മയാണ് കുടുംബം പുലർത്തിയിരുന്നത്. ഒരുനാൾ ഉമ്മയ്ക്ക് അസുഖം പിടിപെട്ടു. മകൻ ഹുസൈൻ വലുതായി. അവൻ ജോലിയിൽ സത്യസന്ധത പുലർത്തിയിരുന്നു. അവിടുത്തെ ഉദ്യോഗസ്ഥൻ അവന് പരിഗണന നൽകിയിരുന്നു.അവിടുത്തെ തൊഴിലാളികൾ അവനോട് ക്രൂരമായി പെരുമാറി.അവർ ഉദ്യോസ്ഥൻ അറിയാതെ ജോലിയിൽ അലസതയും കളവും കാണിച്ചിരുന്നു. അത് ഒരു ദിവസം ഹുസൈന്റെ ശ്രദ്ധയിൽ പെട്ടു. അവൻ ആ കാര്യം ഉദ്യോഗസ്ഥനായ അലിയുടെ ശ്രദ്ധയിൽപെടുത്തി. അദ്ദേഹം തൊഴിലാളികളെ ജോലിയിൽ നിന്ന് പിരിച്ചു വിട്ടു .സത്യസന്ധതയും വിനയവും ഉള്ള അവനെ എല്ലാവർക്കും വളരെ അധികം ഇഷ്ടമായിരുന്നു. അവന് ഉയർന്ന തസ്തികയിൽ സ്ഥാനകയററംകിട്ടി. അങ്ങനെ ഹുസൈൻ ലോകം അറിയപ്പടുന്ന ഒരു മഹാവ്യക്തിയായി മാറി.

സ്വാലിഹ എ എ

# പൂമ്പാറ്റ



പൂക്കൾ പോലെ പാറിനടക്കും
പൂമ്പാറ്റകളെ വന്നാട്ടെ....
പൂവു തിരഞ്ഞു നടന്നിട്ടിങ്ങനെ
പാവം ചറക തളരില്ലേ
പട്ടു പുതച്ച നിറം പകരുന്ന
നിങ്ങടെ മേനിക്കെന്തഴക് !
പാവം എന്നുടെ പുരയിൽ വന്നാൽ
പൂവും കായും നൽകാം ഞാൻ
പാരിൽ നിറയെ പൂവു നിറക്കാൻ
പൂച്ചെടികൾ ഞാൻ നൽകീടാം.

-നിസാമുൽ ഹുസൈൻ തങ്ങൾ

# മോഷ്ടാവായ വൈദ്യൻ

ഒരു ഗ്രാമത്തിൽ ആരോരുമില്ലാത്ത ധനികയായ ഒരു വൃദ്ധയുണ്ടായിരുന്നു. അവൾക്ക് കാഴ്ച ശക്തി നഷ്ടപ്പെട്ടു ഒന്നും കാണാൻ പറ്റുന്നില്ല. മുന്നിൽ ഇരുട്ടു മാത്രം. അവർ വല്ലാതെ വിഷമിച്ചു. ധനികയായതിനാൽ തന്നെ ചികിത്സിക്കാൻ പട്ടണത്തിലെ പേരു കേട്ട ഒരു വൈദ്യനെ തന്നെ വരുത്തി. തന്റെ കാഴ്ചശക്തി തിരികെകിട്ടിയാൽ വലിയ ഒരു തുക പ്രതിഫലമായി നൽകാമെന്ന് അവർ വൈദ്യനെ അറിയിച്ചു. വൈദ്യൻ സമ്മതിച്ചു. പിറ്റേന്നു തന്നെ ചികിത്സ തുടങ്ങി. ദിവസവും വൈദ്യൻ വൃദ്ധയുടെ വീട്ടിൽ വന്ന് ചികിത്സിക്കും. വൃദ്ധക്ക് കാഴ്ചയില്ലല്ലോ! അതു മുതലാക്കി തിരിച്ചു പോകുമ്പോഴെല്ലാം വൈദ്യൻ വൃദ്ധയുടെ വീട്ടിൽ നിന്ന് വിലപിടിപ്പുള്ള ഓരോ വസ്തുക്കൾ മോഷ്ടിച്ചു കൊണ്ടുപോയി. ഇതൊന്നും വൃദ്ധ അറിഞ്ഞതേയില്ല.

ഒരുപാടു നാളുകൾ കഴിഞ്ഞപ്പോൾ വൃദ്ധക്ക് കാഴ്ച ശക്തി തിരികെകിട്ടി. അപ്പോൾ തന്റെ വീട്ടിലെ വിലപിടിപ്പുള്ള ഒത്തിരി വസ്തുക്കൾ കാണാനില്ലെന്നു കണ്ട് വൃദ്ധ അമ്പരന്നു. തന്റെ അന്ധത മുതലെടുത്ത് ആ വസ്തുക്കൾ വൈദ്യൻ മോഷ്ടിച്ചതാണെന്ന് വൃദ്ധ മനസ്സിലാക്കി. തട്ടിപ്പു മനസ്സിലാക്കിയ അവൾ വൈദ്യന് നൽകാമെന്നേറ്റ പ്രതിഫലം കൊടുത്തില്ല. തനിക്കു തരാമെന്നേറ്റ പ്രതിഫലം കിട്ടില്ലെന്നായപ്പോൾ വൈദ്യൻ കോടതിയിൽ പരാതി ബോധ്യപ്പെടുത്തി. ന്യായാധിപൻ ഇരുവരെയും കോടതിയിലേക്ക് വിളിച്ചു.

ന്യായാധിപൻ ചോദിച്ചു : "ഇയാൾ പറയുന്നത് സത്യമാണോ? കാഴ്ച തിരിച്ചുകിട്ടിയാൽ നിങ്ങൾ ഇയാൾക്ക് ഭീമമായ പ്രതിഫലം നൽകാമെന്നേറ്റല്ലോ, എന്നിട്ടെന്തേ പ്രതിഫലം നൽകിയില്ലല്ലോ?

"ന്യായാധിപരേ അയാൾ പറഞ്ഞത് ശരിയാണ്,കാഴ്ച തിരിച്ചു കിട്ടിയാൽ അയാൾക്ക് ഞാൻ വലിയൊരു തുക കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തിരുന്നു".വൃദ്ധ പറഞ്ഞു.

"എന്നിട്ടെന്തു കൊണ്ട് നിങ്ങളത് ചെയ്തില്ല? വാഗ്ദാന ലംഘനം വിശ്വാസ

വഞ്ചനയാണ്.”

“അതിന് എനിക്ക് കാഴ്ചശക്തി തിരിച്ചു കിട്ടിയിട്ടില്ലല്ലോ!”വൃദ്ധ പറഞ്ഞു. "എന്ത് നിങ്ങൾക്ക് കാഴ്ചശക്തിതിരിച്ചു കിട്ടിയില്ല എന്നോ!”

ഞാൻ സത്യമാണ് പറയുന്നത് ന്യായാധിപരേ...”വൃദ്ധ പറഞ്ഞു തുടങ്ങി എനിക്ക് കാഴ്ച തിരിച്ചുകിട്ടിയിരുന്ന എങ്കിൽ വീട്ടിലെ വിലപിടിപ്പുള്ള വസ്തുക്കൾ ഞാൻ കാണേണ്ടതല്ലേ? ഒരുപാട്ടുണ്ടായിരുന്ന അവ . അവയൊന്നും ഇപ്പോൾ എനിക്ക് കാണാൻ കഴിയുന്നില്ല അതിനർത്ഥം എനിക്ക് കാഴ്ച തിരിച്ചുകിട്ടിയിട്ടില്ല എന്നല്ലേ? പിന്നെന്തിന് ഞാൻ പ്രതിഫലം നൽകണം.

വൃദ്ധയുടെ വാക്കുകളിൽ നിന്ന് വൈദ്യന്റെ കാപട്യം മനസ്സിലാക്കിയ കോടതി അയാൾക്ക് ഉചിതമായ ശിക്ഷ വിധിച്ചു. വൈദ്യനെ മോഷ്ടാവ് എന്ന് പറയാതെ അയാളുടെ കാപട്യം കോടതിയിൽ തെളിയിച്ച വൃദ്ധ വീട്ടിലേക്കു മടങ്ങി.

*-നിസാമുൽ ഹുസൈൻ തങ്ങൾ*

# HONEY BEE



Honey bee
busy little honey bee
living in your hive
working day and night
allah makes your strive

then upon my breakfast table
from you little bee
comes your honey so delicious
sticky, golden, yummy
so far our little worker
love for her let's send
do not bother or describe
her take care of our busy friend

-ഹിഷാമുൽ മെഹബൂബ് തങ്ങൾ

# LITTLE THINGS

Little drops of water,
Little grains of sand'
Make the mighty ocean'
And the pleasant land.

Thus the little minutes,
Humble the though they be,
Make the mighty ages
Of eternity.

So our little errors
Lead the soul way
From the paths of virtue
Far in sin to stray.

Little deeds of kindness,
Little words of love,
Help to make earth happy
Like the heaven above

HASNA.A.H

# തിളങ്ങട്ടെ നീ എന്നിലൂടെ

പണ്ടൊരിടത്ത് ഫെർനോ എന്ന് പേരുള്ള ഒരു മെഴുകുതിരിയും എൽബോ എന്ന് പേരുള്ള ഒരു തീപ്പെട്ടിയും താമസിച്ചിരുന്നു. അവർ വളരെ നല്ല ചങ്ങാതിമാരായിരുന്നു. ഇരുവരും വലിയ ഒരു സൂപ്പർ മാർക്കറ്റിൽ ആയിരുന്നു താമസം. ഒരേ തട്ടിൽ അടുത്ത് അടുത്ത് ആയിരുന്നു. ഒരു ദിവസം ഒരാൾ വന്ന് ഇരുവരെയും വാങ്ങിച്ചു. പിന്നീട് അവരെ അയാളുടെ വീട്ടിലെ അറകളിലേക്ക് വെച്ചു. കുറെ നാളുകൾക്ക് ശേഷം ഒരു അസ്സമയത്ത് അയാൾ അവരെ എടുത്ത് തീൻ മേശയിൽ വെച്ചു. എന്നിട്ട് അയാൾ എങ്ങോട്ടോ പോയി. അപ്പോൾ മെഴുകുതിരി ചോദിച്ചു എൽബോ ഇപ്പോൾ അയാൾ വന്ന് നിന്നെ കൊല്ലും നീ വേഗം രക്ഷപ്പെട്ടോളൂ. ചങ്ങാതിയുടെ മനസ്സ് ഒന്ന് ഇടറി. അപ്പോൾ എൽബോ പറഞ്ഞു സാരമില്ല ഫെർനോ എന്റെ ജീവൻ പോയാലും കുഴപ്പമില്ല, നിന്നിലൂടെ അത് ഒരു പ്രകാശമായി മറ്റുള്ളവരിലേക്ക് എത്തില്ലെ .. എന്നെ നിർമ്മിക്കുമ്പോൾ തന്നെ എനിക്കറിയാമായിരുന്നു ഒരു നാൾ ഞാൻ ഒരു വെളിച്ചമായോ ഒരു വലിയ അഗ്നിയായോ മാറുമെന്ന്. മെഴുകുതിരിക്ക് ഏറെ വിഷമമായി സ്വന്തം കൂട്ടുകാരന്റെ ജീവൻ പൊലിഞ്ഞിട്ടു വേണോ എനിക്ക് മറ്റുള്ളവരിലേക്ക് പ്രകാശം പരത്താൻ എന്ത് നശിച്ച ജന്മമാണ് എന്റേത് .ഇങ്ങനെ ചിന്തിച്ചിരിക്കെ അയാൾ വന്ന് എൽബോയെ കത്തിച്ചു എന്നിട്ട് ഫെർനോയുടെ തിരിയിൽ കൊളുത്തി. നാം എത്ര എരിഞ്ഞിട്ടാണെങ്കിലും മറ്റുള്ളവരുടെ ജീവന് വെളിച്ചമേകാൻ കഴിയണം......

*ബാസിമ മുജീബ്*

# പ്രതീക്ഷ കൈവിടാതെ

ഒരു കൊച്ചുഗ്രാമത്തിൽ ഒരു ചെറിയ കുടിലിൽതാമസിക്കുന്നവനായിരുന്നുമനു. അവന് പഠനത്തിന് തീരെ താൽപര്യമില്ലായിരുന്നു. ഒരു കുഴിമടിയനായിരുന്നു.അമ്മസ്കൂളിൽ പോകാൻപറയുമ്പോൾ അമ്മയെ എതിർത്ത് അവൻ മുറിയിൽപോയി അവൻ പുതപ്പ് വിരിച്ച് കിടക്കും.അവനിൽ അമ്മക്ക് വലിയ പ്രതീക്ഷ ഉണ്ടായിരുന്നു. പക്ഷെ അവൻ ദിവസം തോറും പ്രതീക്ഷ തെറ്റിച്ചുകൊണ്ടിരുന്നു.അവന്റെ അച്ചൻ ഒരു ദിവസം ജോലിക്കുപോവുകയാണെന്ന് പറഞ്ഞ് വീട്ടിൽ നിന്ന് ഇറങ്ങിയതായിരുന്നു അതിനു ശേഷം തിരിച്ചുവന്നിട്ടില്ല. ഇതുവരെ അവന്റെ അമ്മയുടെ കണ്ണിൽ നിന്ന് കണ്ണുനീർ വരാത്ത ദിവസങ്ങളില്ല.അച്ചൻ പോയതിനു ശേഷം അവർക്ക് വളരെ ദാരിദ്ര്യമായിരുന്നു.അമ്മ കൂലി പണിക്കു പോയികിട്ടുന്ന തുച്ചമായ വേതനം കൊണ്ടാണ് അവർ ജീവിച്ചിരുന്നത്.

ഒരു ദിവസം അമ്മ കൂലിപണിക്ക് പോകുവാൻ വേണ്ടി നിൽകുകയായിരുന്നു.പെട്ടന്ന് പിന്നിൽനിന്നുള്ള ഒരുവിളി കേട്ടു.അമ്മ പിറകിലോട്ടു തിരിഞ്ഞപ്പോൾ മനു യൂണിഫോമും ബാഗും പിടിച്ച് നിൽക്കുന്നു.അമ്മക്ക് സന്തോഷമായി,അമ്മയുടെ കണ്ണിൽ നിന്ന് ദുഃഖത്തിന്റെ കണ്ണുനീരുകൾക്ക് പകരം സന്തോഷത്തിൻെറ കണ്ണുനീരുകൾ വീണു.അമ്മയുടെ മുഖംസന്തോഷത്താൽ നിറഞ്ഞു.അമ്മ അവനോട് ഈ മാറ്റത്തിൻെറ കാരണം ചോദിച്ചു.അപ്പോൾ അവൻ പറഞ്ഞു,അവൻ ഒരു സ്വപ്നം കണ്ടു അതിൽ അവൻെറ അമ്മ കൂലിപ്പണിക്കു പോകുമ്പോൾ എന്നെ ആലോചിച്ച് നടക്കുമ്പോൾ ഒരു വലിയ വാഹനം വന്ന് അമ്മയെ ഇടിക്കുന്നു.ഞാൻ മടിയനായതിൻെറ ദുഃഖം അമ്മയെ മരണത്തിലേക്ക് നയിക്കുന്നത് എനിക്ക് സഹിക്കില്ല എന്നുപറഞ്ഞുകൊണ്ട് അവൻ സ്ഥിരം സ്കൂളിൽ പോകാൻ തുടങ്ങി.പിന്നീട് അവൻ തൻെറ ചെറുപ്പകാലത്തിലെ ദുരിതങ്ങൾ ഒരു വെല്ലുവിളിയായി സ്വീകരിച്ച് ഒരു വലിയ ഉദ്യോഗസ്ഥനായി.

അമ്മയുടെ വിയർപ്പും കണ്ണുന്നീരും അവൻെറ ഉൽസാഹവും പരിശ്രമങ്ങളും കാരണം അവനൊരു വലിയ ഉദ്യോഗസ്ഥനായി.ആ അമ്മക്ക് അന്നാണ് സ്വന്തം ജീവിതം അർത്ഥമുള്ളതായി തോന്നിയത്.

പ്രിയ സുഹൃത്തുക്കളെ,നമ്മുടെ ജീവിതത്തിൽ പരിശ്രമിച്ചാൽ നേടാൻ കഴിയാത്തതായിഒന്നുമില്ല.പരിശ്രമം വിജയത്തിലേക്കുള്ള നടപ്പാതയാണ്.സന്തോഷങ്ങളെ മാറ്റി ദുഃഖത്തെ ഒരു വെല്ലുവിളിയായി സ്വീകരിക്കുക.വിജയം നിങ്ങളെ തേടി വരും.

ഹിസാന റഹ്മത്ത്

# അമ്മയില്ലാതെ എന്ത് സന്തോഷം

ഒരു ദിവസം അപ്പു സ്കൂളിലേക്ക് പോവുകയായിരുന്നു. അപ്പോൾ അവൻ ഒരു അനൗൺസ്മെന്റ് കേട്ടു. ഞായറാഴച വൈകീട്ട് 3 മണി മുതൽ 9 മണിവരെ ഫുട്ബോൾ മാച്ചുണ്ടെന്ന് . അത് കേട്ടപ്പോൾ അപ്പുവിന് സന്തോഷമായി. അവന് അങ്ങോട്ടു പോവാൻ തീരാത്ത ആശ .പക്ഷെ അവന്റെ അമ്മ സമ്മതിക്കില്ലായിരുന്നു. അവൻ അവന്റെ സ്കൂൾ വിട്ടപ്പോൾ അമ്മയോട് കാര്യം പറഞ്ഞു. അവന്റെ അമ്മ സമ്മതിച്ചില്ലായിരുന്നു. അമ്മ അറിയൊതെ അവൻ ഓട്ടമത്സരത്തിൽ പങ്കെടുത്തു. അവന് ഒന്നാംസ്ഥാനം കിട്ടി . അവൻ സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങിഅവൻ സമ്മാനം അമ്മക്ക് കാണിച്ചു കൊടുത്തു. ഓല മെടയുകയായിരുന്ന അമ്മ അവന്റെ ഓമന കവിളത്ത് ഒരു മുത്തം കൊടുത്തു .അവന്റെ കണ്ണിൽ നിന്ന് സന്തോഷത്തിന്റെ കണ്ണുനീർത്തുള്ളികൾ ഒഴുകി .അവൻ അമ്മയോട് ചോദിച്ചു നാളെ പൊയിക്കോട്ടെ എന്ന്. അമ്മ പറഞ്ഞു നീ പൊയ്ക്കോ ഇരുട്ട് ആകുമ്പോഴേക്കും വരണം .അവൻ ഇരുട്ടാകുന്നതിനുമുമ്പെ തിരച്ചെത്തി. അവൻ അവന്റെ ഗൃഹ പാഠങ്ങൾ വായിച്ചു. എന്നിട്ട് അവൻ മയക്കത്തിലായി

-ഫാത്തിമ ഉമൈവ

# സത്യസന്ധതയുള്ള അടിമ

*ത്രിപ്പൂണി എന്ന ഒരു കൊച്ചു ഗ്രാമത്തിൽ ഒരു രാജാവുണ്ടായിരുന്നു നല്ല ദയാശീലനുയം സത്യസന്ധനുമായിരുന്നു അദ്ദേഹം. ഒരിക്കൽ അദ്ദേഹം വേട്ടകഴിഞ്ഞു വരുന്ന വഴി അടിമചന്തയിൽ കയറി അദ്ദേഹം ഒരു അടിമയെയും കൂടി വാങ്ങണം എന്നു വിചാരിച്ചു.അടിമകളെ നോക്കി ഒരു അടിമയെ ശ്രദ്ധയിൽപ്പെട്ടു പന്ത്രണ്ടിനും പതിമൂന്നിനും ഇടയിൽ പ്രായം തോന്നിക്കുന്ന ഒരു ചെറിയ അടിമ. രാജാവ് വേഗം അവരുടെ അടുത്തേക്ക് നീങ്ങി. ആ കുട്ടിയുടെ കൂടെ ഒരു വൃദ്ധയായ സ്ത്രീ ഇരിക്കുന്നുണ്ട്.രാജാവ് വേഗം തന്നെ ആ സ്ത്രീയോട് ഈ അടിമയെപ്പറ്റിയും അതിന്റെ വിലയെ പറ്റിയും ചോദിച്ചു.വൃദ്ധ വേഗം ആ അടിമയെ ചൂണ്ടി കൊണ്ടു പറഞ്ഞു ഇവൻ എന്റെ കോച്ചു മകനാണ്. ഇവന്റെ ഉമ്മയും ഉപ്പയും കഴിഞ്ഞ മാസം ഒരു അപകടത്തിൽ മരണപെട്ടു ഇവന് ഇനി ആകെയുള്ളത് വല്ല്യുമ്മയായ ഞാനാണ് .ഒരു നിമിഷം രാജാവ് ഒന്നാലോചിച്ചിട്ടു ചോദിച്ചു പിന്നെന്തിനാണ് നിങ്ങൾ ഇവനെ വിൽക്കുന്നത്.വൃദ്ധ തുടർന്നു ഇവൻക്ക് ഒരു ഇത്തയുണ്ട് ,ഓൾക്ക് കല്ല്യാണ പ്രായമായി അവളെ ആർക്കെങ്കിലും കൈപിടിച്ചു കൊടുത്തുവേണം എനിക്ക് മനസമാധാനമായി കണ്ണടക്കാൻ.ഇതു കേട്ടതും രാജാവ് വേഗം തന്നെ അടിമയ്ക്ക് പറഞ്ഞ തുകയുടെ ഇരട്ടി നൽകി കൊണ്ട് അവനെയും കൂട്ടി മടങ്ങി.പിറ്റെ ദിവസം രാവിലെ രാജാവിന്റെ ഏക മകൻ കളിക്കുന്നതിനിടെ തന്റെ പ്രായമുള്ള ഒരു കുട്ടിയെ അവൻ കണ്ടു.അവൻ വേഗം തന്നെ അവനെ കളിക്കാൻ വിളിച്ചു.പക്ഷേ അവന് അറിയില്ലായിരുന്നു അതൊരു അടിമയാണെന്ന കാര്യം.കുറച്ചു നേരത്തിനു ശേഷം രാജാവ് പ്രഭാത സവാരി കഴിഞ്ഞതിനു ശേഷം വരികയായിരുന്നു.അപ്പോൾ രാജാവ് കണ്ടത് താൻ ഇന്നലെ വാങ്ങിയ ഹുസൈൻ എന്ന അടിമയെയും കൂട്ടി തന്റെ പ്രിയ മകൻ ഹസ്സൻ കളിക്കുന്നതാണ് രാജാവിനു ആ കാഴ്ച്ച കണ്ടപ്പോൾ വളരെയധികം സന്തോഷമായി.അന്ന് രാത്രി അത്താഴത്തിനു ഒരുങ്ങി ഇരിക്കുന്ന മകനോട് രാജാവ് തന്റെ ഇന്നത്തെ ദിനത്തെ പറ്റി വളരെ ആകാംക്ഷയോടെ ചോദിച്ചു.കുട്ടി തനിക്കുണ്ടായസന്തോഷത്തെ പറ്റി പിതാവിനോട് പറഞ്ഞു.അതു കേട്ടതും രാജാവ് അവനോട് പറഞ്ഞു ആ കുട്ടിയെ ഇന്നലെ താൻ അടിമചന്തയിൽ നിന്നും വാങ്ങിയതാണെന്നും അവൻെറ പിതാവും മാതാവും മരണപ്പെട്ടു എന്നും അവർ പറഞ്ഞു ഇതു കേട്ടതും അവൻക്കു വളരെ സങ്കടമായി. അവനെ നമ്മുടെ കൂടെ വളർത്താൻ അവൻ പിതാവിനോട് പറഞ്ഞു രാജാവിന് വളരെ സന്തോഷമായി.പക്ഷെ അവനെയൊന്ന് പരീക്ഷിക്കാൻ രാജാവ് തീരുമാനിച്ചു പിറ്റേ ദിവസം രാവിലെ രാജാവ് ആ അടിമയെ വിളിച്ചിട്ടു പറഞ്ഞു നീ വേഗം എൻെറ കണക്കു പുസ്തകം ഒന്ന് നോക്കിക്കെ , കേൾക്കേണ്ട താമസം അവൻ കണക്കുകൾ പരിശോധിക്കാൻ തുടങ്ങി അപ്പോഴതാ അതിൽ ഒരു പത്ത് രൂപ കൂടുതൽ അവൻ വേഗം രാജാവിനോട് ചെന്ന് പറഞ്ഞു പ്രഭോ അങ്ങ് ഇതിൽ ഒരു പത്ത് രൂപയുടെ കണക്ക് രേഖപ്പെടുത്താൻ*

മറന്നുപോയിരിക്കുന്നു.അതു കേട്ടതും രാജാവ് ഉറക്കെ ചിരിച്ച് കൊണ്ട് പറഞ്ഞു അത് ഞാൻ നിന്നെ പരിക്ഷിച്ചതാണ് .ഇപ്പോൾ നീ സത്യസന്ധതയുള്ളവനാണന്ന് എനിക്കു ബോധ്യമായി.അദ്ദേഹം അവന് ഹസ്സൻ എന്ന് പേരിട്ടു . അങ്ങനെ ഹസ്സനൊരു ചങ്ങാതിയെയും രാജാവിനും രാജ്ഞിക്കും ഒരു മകനെയും കിട്ടി .അങ്ങനെ ആ രാജകുടുംബം വളരെ സംന്തോഷത്തോടെ മുന്നോട്ടു പോയി .എന്തു തന്നെ സംഭവിച്ചാലും ഒരിക്കലും കളവ് പറയരുത് എന്ന് അടിമയായ കുട്ടിയോട് തന്റെ മാതാപിതാക്കൾ പറഞ്ഞിട്ടുണ്ടെന്ന് അവൻ രാജാവിനോട് പറഞ്ഞു.മോനെ നിന്റെ ഈ ചെറു പ്രായത്തിലുള്ള മനസിന്റെ വലുപ്പം സത്യസന്ധയും കണ്ടപ്പോഴാണ് നീ ഞങ്ങളുടെ കുടുംബത്തിലെ ഒരു അംഗമായത്.ഇത്രയും ചെറുപ്രായത്തിൽ തന്റെ മാതാപിതാക്കൾ മരണപ്പെട്ടിട്ടും തളരാത്ത മനസ്സുണ്ടല്ലോ അതാണ് നിന്റെ മനസിന്റെ വലുപ്പം ഓരോ ഇരുട്ടിനും പിറകിൽ ഒരു വെളിച്ചം ഉണ്ടന്ന പോലെ ഒരോ പരീക്ഷണങ്ങൾക്ക് ഒടുവിലും ഒരു നല്ലതു ഉണ്ടാകും.......

## ബാസിമ മുജീബ്

# മഹേന്ദർ സിങ് ധോണി

ധോണി 2008 മുതൽ 2016 വരെ ഇന്ത്യയുടെ ക്യാപ്റ്റനായി. പിന്നെ ആ സ്ഥാനം വിരാട് കൊഹ് ലിക്ക് നൽകി. ധോണി ഇത്രയും വലിയ നിലയിലേക്ക് എങ്ങനെ എത്തിയതെന്ന് നിങ്ങൾക്ക് അറിയണ്ടേ.ധോണിക്ക് ചെറുപ്പത്തിൽ സ്കൂളിൽ ഗോൾകീപ്പറായി നിൽക്കാനായിരുന്നു ഇഷ്ടം. പക്ഷെ അവന്റെ സാർ അതിന് സമ്മതിച്ചില്ല. അവനെ ക്രിക്കറ്റിലെ വിക്കറ്റ് കീപ്പറായി കളിക്കാൻ വിളിച്ചു. അവന്റെ പ്രകടനം കണ്ട് സാർ ഞെട്ടി. അവന്റെ പേര് സാർ ചോദിച്ചറിഞ്ഞു. മഹി എന്ന് എല്ലാവരും പറഞ്ഞു. അവനെ സാർകുറേ പരിശീലിപ്പിച്ചു. ഒരു ദിവസം സാർ ചന്തയിലേക്ക് പോയപ്പോൾ ധോണി ബാറ്റിങ്ങ് കളിക്കുന്ന സ്ഥലത്തേക്ക് പോയി അവനെ ബാറ്റിങ്ങ് കളിപ്പിച്ചു .ധോണിയുടെ പ്രകടനം കോച്ചിന് ഇഷ്ടമായി. അങ്ങനെ ധോണി കളിച്ചു വളർന്നു വലുതായി. ഒരു ദിവസം ധോണി ഒരു മാച്ച് കളിക്കാൻ പോയി .അവൻ അവിടെ ഓപ്പണറായി ഇറങ്ങി അവൻ ധാരാളം സിക്സടിച്ചു കൂട്ടി. അവൻ അവിടെയും പ്രശസ്തമായി. അങ്ങനെ ധോണി കളിച്ചും പഠിച്ചും വളർന്നു. ധോണിയെ ദുർഖ സ് പോട്ടിങ്ങിലേക്ക് സെലക്ഷൻ കിട്ടി. അവൻ അതിലും നന്നായി കളിച്ചു. ധോണിയുടെ സാമ്പത്തിക നില മോശമായിരുന്നു. എന്നിട്ടും ധോണി വളർന്നു ഇന്ത്യൻ ടീമിലേക്ക് സെലക്ഷൻ കിട്ടി. ആദ്യ മാച്ചിൽ ബംഗ്ലാദേശിനെതിരെ ഒരു റൺസും നേടാതെ ഔട്ടായി. രണ്ടാമത്തെ കളിയിലും ഇതു തന്നെ സംഭവിച്ചു മൂന്നാമത്തെ മാച്ചിൽ നല്ലവണ്ണം കളിച്ചില്ലെങ്കിൽ പുറത്താക്കുമെന്ന് ഇന്ത്യൻ മേനേജ്മെന്റ് പറഞ്ഞു ആ കളിയിൽ ധോണി ധാരാളം ബൗണ്ടറീസ് നേടി.

അങ്ങനെ കുറേ മാച്ച് ധോണി കളിച്ചു അവന്റെ പ്രകടനം കണ്ട് ഇന്ത്യൻ മേനേജ്മെന്റ് ധോണിയെ ഇന്ത്യൻ ക്യാപ്റ്റനാക്കി. അങ്ങനെ ICC വേൾഡ് കപ്പ് വന്നു. ഇന്ത്യ ജയിച്ചു ഫൈനലിൽ എത്തി. ശ്രീലങ്ക ഇന്ത്യയെ നേരിട്ടു. ശ്രീലങ്ക 271 റൺസെടുത്തു. ഇന്ത്യൻ കാണികൾ ഇന്ത്യ തോൽക്കുമെന്ന് പ്രതീക്ഷിച്ചു.ആദ്യം ഓപ്പണറായി സച്ചിനും സെവാഖും ഇറങ്ങി ശ്രീലങ്കയിൽ ബോളെറിയാൻ മലിങ്ക ഇറങ്ങി.ആദ്യ ബോളിൽ തന്നെ സെവാഖ് പോയി പിന്നെ കുറച്ച് റൺസ്സ് എടുത്ത് സച്ചിനും പോയി പിന്നെ കോഹിലിയിറങ്ങി 49 റൺസ്സുമായി കോഹിലി മടങ്ങി പിന്നെ ധോണിയിറങ്ങി ആദ്യ ബോൾ ഫോർ നേടി.ഗംബീർ 97 റൺസ്സ് എടുത്തിരുന്നു പക്ഷേ അവനും പോയി അവസ്സാനം 11 ബോളിൽ റൺസ്സ് എടുക്കണം ധോണി ബാറ്റിങ്ങിനു നിന്നു ബോൾ എറിഞ്ഞപ്പോൾ ധോണി സിക്ക്സറടിച്ചു ഇന്ത്യ ജയിച്ചു .ധോണി ഇന്ത്യക്കു ഒരു ഐ.സി.സി.വേൾഡ് കപ്പ് നേടി കൊടുത്തു ഐ.പി.എൽ.ൽ ചെന്നൈ സൂപ്പർ കിങ്സ് ൽ കരാർ ഒപ്പിട്ടു.ധോണി പരിശ്രമിച്ചതു കൊണ്ട് അവന് ഒരു നല്ല ജീവിതം ഉണ്ടായി.ധോണി ഇപ്പോൾ ലോകമറിയുന്ന ക്രിക്കറ്റർ ആയി മാറി.ഇപ്പോൾ ഈ ലോകത്ത് ആരൊടെങ്കിലും ധോണി ആരെന്നു ചോദിച്ചാൽ ഒരു ഇന്ത്യൻ നായകനാണെന്ന് പറയും.അത്രയുംധോണി അറിയപ്പെട്ടു.

Sayyid Nisamul Hussain

# നന്ദി

ഡിജിററൽ മാഗസിൻ യഥാർത്ഥമാക്കാൻ സഹായിച്ച എല്ലാ ലിററിൽ കൈററ്സ് അംഗങ്ങൾക്കും നേതൃത്വം നൽകിയ എല്ലാ അധ്യാപകർക്കും നന്ദി.

എഡിററർ